പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5492 25.10.2011-ൽ മറുപടിക്കുള്ളത്

**ഭൂപരിധി ഇളവ് അനുവദിക്കാവുന്ന തോട്ടവിളയായി കശുമാവ് കൃഷിയെ അംഗീകരിക്കുവാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ)<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ഭൂപരിധി ഇളവ് അനുവദിക്കാവുന്ന തോട്ടവിളയായി കശുമാവ് കൃഷിയെ അംഗീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | കേരള ഭൂപരിഷ്കരണ നിയമപ്രകാരം കശുമാവ് കൃഷിയെ തോട്ടവിളയായി അംഗീകരിച്ചിട്ടില്ല. |
| (ബി) | ഏതെല്ലാം തോട്ടവിളകളെയാണിപ്പോൾ ഭൂപരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്; | (ബി) | കേരളഭൂപരിഷ്കരണ നിയമം സെക്ഷൻ 2(44)ൽ നിർവ്വചിച്ചിട്ടുള്ള തേയില,കാപ്പി, കൊക്കോ, റബ്ബർ, ഏലം അതല്ലെങ്കിൽ കറുവ (Cinnamon) എന്നീ തോട്ടവിളകളെയാണ് ടി നിയമത്തിലെ 81(1) (ഇ) വകുപ്പ് പ്രകാരം ഭൂപരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. |
| (സി) | പുതുതായി കശുമാവ് കൃഷി ചെയ്യുന്നതിന് ഭൂപരിധിയിൽ നിന്നും ഒഴിവാക്കി കിട്ടുന്നതിലേക്ക് എത്ര അപേക്ഷകൾ ഇതിനകം റവന്യൂ വകുപ്പിൽ ലഭിച്ചിട്ടുണ്ട്? | (സി) | അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ